**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3599** **12-03-2025 - ൽ മറുപടിയ്ക്ക്**

**കെ. ജി. റ്റി. കൊമേഴ്സ് ഗ്രൂപ്പ് സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് പരീക്ഷയുടെ സിലബസ് പരിഷ്കരണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളും വിദ്യാർത്ഥിക്കൂട്ടായ്മകളും നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സിലബസ് പരിഷ്കരണ കമ്മിറ്റിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും യോഗ്യതയും വ്യക്തമാക്കാമോ; | (ബി) | i. ശ്രീ. സുനിൽകുമാർ എസ്, ഇൻസ്ട്രക്ടർ, SP&BC, GWPC നെടുപുഴ<br>ii. ശ്രീമതി. മിനിമോൾ വി എസ്, സൂപ്രണ്ട്, GCI മണ്ണന്തല<br>iii. ശ്രീമതി. നിത കെ ബി, സൂപ്രണ്ട്, GCI മാള<br>iv. ശ്രീ. രതീഷ് പി ടി, സൂപ്രണ്ട്, GCI പാല<br>v. ശ്രീ. ആനന്ദ് മോഹൻ കെ, അസി. ഇൻസ്ട്രക്ടർ, GWPC എറണാകുളം<br>vi. ശ്രീ. സുരേഷ് ബാബു പി എം, സൂപ്രണ്ട് ഇൻ ചാർജ്, GCI കല്ലാച്ചി<br>vii. ശ്രീ. ബിനു കോറോത്ത്, അസി. ഇൻസ്ട്രക്ടർ, GCI കൊയിലാണ്ടി |
| (സി) | കമ്പ്യൂട്ടർ ടൈപ്പിങ്ങിന് സഹായകമായി കൂടുതൽ വേഗതയും കൃത്യതയും നൽകുന്ന ശാസ്ത്രീയമായ ടൈപ്പ്റൈറ്റിങ് പഠനത്തിന് പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിലബസ് പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ സംഘടനകളും വിദ്യാർത്ഥിക്കൂട്ടായ്മകളും ആവശ്യപ്പെട്ടത് പ്രകാരം സിലബസ് പുനഃപരിശോധിച്ച് അതിൽ നിന്നും വിട്ടുപോയ അടിസ്ഥാന വിഷയമായ ടൈപ്പ്റൈറ്റിംഗ് കൂട്ടിച്ചേർക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | കെ.ജി.റ്റി കൊമേഴ്സ് ഗ്രൂപ്പ് കോഴ്സിന്റെ സിലബസ് പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | അംഗീകൃത സംഘടനകളുമായി 30.11.2022ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നടന്ന മീറ്റിങ്ങിലെ തീരുമാനങ്ങൾ അംഗീകരിച്ചു കൊണ്ട് സർക്കാർ നൽകിയ ജെ.1/369/2022/ഉ.വി.വ കത്ത് പ്രകാരം അംഗീകൃത സംഘടനകളുടെ കീഴിലുള്ള കെ.ജി.റ്റി. കൊമേഴ്സ് ഗ്രൂപ്പ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ രജിസ്ട്രേഷൻ നടപടികളിൽ കാലതാമസം നേരിടുന്നത് പരിഹരിക്കുമോ? | (ഇ) | കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംഗ് കോഴ്സുകൾ നടത്തപ്പെടുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി പ്രസ്തുത കോഴ്സുകൾ നടത്തുന്ന അംഗീകൃത അസോസിയേഷനുകളുടെ വിവരങ്ങൾ ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ